മി. സ്പീക്കർ: ചർച്ച അവസാനിച്ചിരിക്കുകയാണ്. ഓർഡർ.....ഓർഡർ....

അവകാശലംഘന പ്രശ്നങ്ങൾ

(I) അനുമതി നിഷേധിച്ച അവകാശലംഘന പ്രശ്നങ്ങൾ:

1. പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1645-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി യഥാർത്ഥ വസ്തുതകൾ മറച്ചുവയ്ക്കുന്നതും, മന:പൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നും ആരോപിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ്ജ് ചട്ടം 155 പ്രകാരം നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ മരട് മുനിസിപ്പൽ സെക്രട്ടറി കെട്ടിടം കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിന് വിധേയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും ഹൈക്കോടതിയുടെ ഇടക്കാല

ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന് നമ്പർ അനുവദിച്ചതെന്നും, കോടതിയുടെ അന്തിമ വിധിയിൽ പ്രസ്തുത നടപടി റദ്ദുചെയ്യുകയോ പുന:പരിശോധിക്കാൻ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ലായെന്നും ഈ വിഷയത്തിൽ സഭയിൽ നിന്ന് എന്തെങ്കിലും മറച്ചു വെയ്ക്കുന്നതിനോ, സഭയേയും അംഗങ്ങളേയും തെറ്റിദ്ധരിപ്പിക്കുന്നതിനോ ഉദ്ദേശിച്ച് ഒന്നും ചെയ്തിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ്ജിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

2. സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ടയേർഡ്) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ പത്രസമ്മേളനത്തിലൂടെ പ്രഖ്യാപിച്ചത് നിയമസഭയുടെയും നിയമസഭാംഗങ്ങളുടെയും അവകാശങ്ങളുടെ ലംഘനമാണെന്നാരോപിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് മുഖ്യമന്ത്രിക്കെതിരെ ചട്ടം 155 പ്രകാരം അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ 11-10-2017-ലെ പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയ കാര്യങ്ങൾ ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ ലഭിച്ച നിയമോപദേശത്തിലെ വിവരങ്ങളും അതിന്മേൽ എടുത്ത മന്ത്രിസഭാ തീരുമാനങ്ങളും മാത്രമാണെന്നും മേശപ്പുറത്തുവയ്ക്കേണ്ട കമ്മീഷൻ റിപ്പോർട്ടോ അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടോ പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നതിന് 6 മാസം കാലാവധി ഉണ്ടെങ്കിലും റിപ്പോർട്ട് എത്രയും വേഗം നിയമസഭയുടെ മുമ്പിൽ വയ്ക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹമാണ് 2017 നവംബർ 9-ന് സഭ വിളിച്ചുചേർക്കാനുള്ള സർക്കാർ തീരുമാനത്തിന് പിന്നിലുള്ളതെന്നും സഭയുടെ പ്രത്യേക അവകാശങ്ങൾ ലംഘിക്കാനുള്ള ഉദ്ദേശം സർക്കാരിനോ മുഖ്യമന്ത്രിയായ തനിക്കോ ഇല്ലായെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

## II. ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നം

27-11-2017-ലെ ഉത്തരവ് മുഖേന സർക്കാർ അതിഥി മന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽ നിന്ന് നിയമസഭാ സാമാജികരെയും എം.പി.മാരെയും ഒഴിവാക്കിയത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ചട്ടം 155 പ്രകാരം സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ഈ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മേളനം അവസാനിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.